7. PRIVATE MEMBERS' BUSINESS

ശ്രീ. കെ. കെ. അബു : സ്വകാര്യഅംഗങ്ങളുടെ ബില്ലും റസല്യൂഷനും സംബന്ധിച്ച കമ്മിറ്റിയുടെ പത്താമത്തെ റിപ്പോർട്ട് പരിഗണനയ്ക്കെടുക്കണമെന്നു് അഭ്യർത്ഥിക്കുന്നു.

Shri N. I. Devassykutty: Sir, I second it.

The report was put and carried.

RESOLUTIONS

1. Steps for prevention of sea erosion in Kerala

ശ്രീ. എ. എസ്. പുരുഷോത്തമൻ : സർ, ''300–ൽപരം മൈൽ ദൈർഘ്യം വരുന്ന കേരളത്തിന്റെ തീരപ്രദേശത്തെ കടലാക്രമണത്തിൽനിന്നു് സംരക്ഷിക്കുന്നതിനു് സംസ്ഥാനത്തിനു് കഴിയുന്നില്ലെന്ന വസ്തുത പരിഗണിച്ചു് കടലാക്രമണപ്രതിരോധത്തിനു് ഒരു മാസ്റ്റർപ്ലാൻ തയാറാക്കി നടപ്പിൽ വരുത്തണമെന്നു് ഈ സഭ കേന്ദ്രഗവണ്മെന്റിനോടു് അഭ്യർത്ഥിക്കുന്നു'' എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. സർ, ഏതാണ്ടു് 350–ാളം മൈൽ ദൈർഘ്യം വരുന്നതാണു് നമ്മുടെ തീരപ്രദേശം. കുറെ ഏറെവർഷങ്ങളായി നമ്മുടെ തീരപ്രദേശങ്ങളുടെ നിലനില്പിനെ ഭീഷണിപ്പെടുത്തിക്കൊണ്ടും, ഭയാശങ്കകളുളവാക്കിക്കൊണ്ടും തീരപ്രദേശങ്ങളിൽ താമസിക്കുന്ന ദരിദ്രരായ ആളുകൾക്കു് നിരന്തരമായ ആപത്തുണ്ടാക്കിക്കൊണ്ടിരിക്കുകയാണു് ഈ കടലാക്രമണം. അടുത്ത ഏതാനും മാസങ്ങൾക്കു് മുൻപുതന്നെ കേരളത്തിന്റെ പല ഭാഗങ്ങളിലും കടലാക്രമണമുണ്ടായിട്ടുണ്ടു്. തിരുവനന്തപുരം ഡിസ്ട്രിക്ടിൽ പൂന്തുറ, കോവളം മുതലായ പ്രദേശങ്ങളിലും, ആലപ്പുഴ ഡിസ്ട്രിക്ടിൽ തോട്ടപ്പള്ളി, പുന്നപ്ര വടക്കു്, കോഴിക്കോടു്, ഇരിങ്ങൽ എന്നീ പ്രദേശങ്ങളിലും, കണ്ണൂർ ഡിസ്ട്രിക്ടിൽ തലായി, അഴീക്കൽ എന്നീ പ്രദേശങ്ങളിലും, എറണാകുളം ഡിസ്ട്രിക്ടിൽ ഫോർട്ടുകൊച്ചി, ചെല്ലാനം ഞാറയ്ക്കൽ മുതലായ സ്ഥലങ്ങളിലുമാണു് ഈ അടുത്തകാലത്തു് വളരെ ശക്തിയായ കടലാക്രമണം ഉണ്ടായതു്. ഞാൻ ഇതിനുമുൻപു് സൂചിപ്പിച്ചതുപോലെ ഈ കടലാക്രമണങ്ങളുടെ ഫലമായി അനവധി തെങ്ങിൻതോപ്പുകളും ആയിരക്കണക്കിനു വീടുകളും നഷ്ടപ്പെട്ടിട്ടുണ്ടു്. ഈ തീരപ്രദേശങ്ങളിൽ താമസിക്കുന്നവരിൽ നല്ല ഒരു വിഭാഗം മത്സ്യത്തൊഴിലാളികളാണു്. അവരാകട്ടെ അവർ ചെയ്യുന്ന ജോലിക്കു് ശരിയായ വേതനം ലഭിക്കാത്തതിന്റെ ഫലമായും തൊഴിൽചെയ്യാനുള്ള സഹായമില്ലാത്തതിന്റെ ഫലമായും വളരെയധികം പ്രയാസമനുഭവിക്കുകയാണു്. അവരുടെ വീടുകളാണെങ്കിൽ സാധാരണയാളുകൾ താമസിക്കുന്നതുപോലെയുള്ള വീടല്ല. പലപ്പോഴും പല മെംബർമാരും അതായതു് ബഹുമാനപ്പെട്ട പറമ്പിത്തറ മാസ്റ്റരെപ്പോലെയുള്ള ആളുകൾ മത്സ്യത്തൊഴിലാളികളുടെ വീടുകളുടെ ചിത്രം ഇവിടെ വരച്ചുകാണിച്ചിട്ടുണ്ടു്. അത്തരത്തിലുള്ള ആയിരക്കണക്കിനു വീടുകൾ നഷ്ടപ്പെട്ടതിന്റെ ഫലമായി അവർക്കു് തൊഴിൽ ചെയ്യാനോ താമസിക്കാനോ യാതൊരു സാഹചര്യവുമില്ലാത്ത സ്ഥിതിയാണുള്ളതു്. ഈ ആക്രമണം ഇങ്ങനെ തുടർന്നുപോകുകയാണെങ്കിൽ നമുക്കു് പൊതുവായി മറെറാരു ആപത്തുകൂടി അനുഭവിക്കേണ്ടതായിവരും. ഏറെറവും ജനസാന്ദ്രത കൂടിയ പട്ടണങ്ങളിലും തീരപ്രദേശങ്ങളിലും താമസിക്കാൻ ഇടമില്ലാത്ത ഈ സാഹചര്യത്തിൽ ഉള്ള സ്ഥലം കടലെടുത്തുപോയാൽ തീർച്ചയായും അവർക്കു് മറു സ്ഥലം കൊടുക്കുന്നതിനു് സാധ്യമല്ലാതാകുകയും അതുമൂലം പലർക്കും വീടില്ലാതാകുകയുംചെയ്യും. അതുകൊണ്ടു് ഈ കടലാക്രമണത്തെ ഗൗരവതരമായ ഒരു കാര്യമായി പരിഗണിച്ചു് പ്രത്യേകിച്ചും അന്യരാജ്യങ്ങൾ നമ്മെ ആക്രമിക്കുമ്പോൾ നമ്മുടെ ഭൂമി സംരക്ഷിക്കുന്നതിനുവേണ്ടി

10 A. M.]

LIBRARY ARCHIVES Kerala Legislative Assembly

ശത്രുക്കളോട് എപ്രകാരം പ്രവർത്തിക്കുമോ അതുപോലെ കടലാക്രമണത്തെ തോല്പിക്കാൻ വേണ്ട നടപടികളും നാം സ്വീകരിക്കണം. അങ്ങനെ തീരപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനാവശ്യമായ ഒരു നടപടി രാജ്യരക്ഷാനടപടിയെന്ന നിലയ്ക്ക് പരിഗണിക്കേണ്ടതാണ് കേരളത്തെ സംബന്ധിച്ചിടത്തോളം അനിവാര്യമായ ഒരാവശ്യമാണ്. ഈ കടലാക്രമണത്തിനാവശ്യമായ സംരക്ഷണം നൽകുന്നതിന് നമ്മുടെ സംസ്ഥാന ഗവണ്മെന്റിനെക്കൊണ്ട് സാധിക്കുകയില്ലെന്നുള്ള വസ്തുത നമുക്ക് എല്ലാവർക്കും അറിയാവുന്നതാണ്. നമ്മുടെ തീരപ്രദേശങ്ങളിൽ ചുരുക്കം ചില പാറക്കെട്ടുകളൊഴിച്ചാൽ ബാക്കിയുള്ള പ്രദേശങ്ങളെല്ലാം മണ്ണുള്ള പ്രദേശങ്ങളാണ്. ആ പ്രദേശങ്ങളിൽ ശക്തിയായ കടലാക്രമണമുണ്ടാകുമ്പോൾ വളരെ അധികം നാശനഷ്ടങ്ങൾ സംഭവിക്കുന്നുണ്ട്. അതുകൊണ്ട് കടലാക്രമണമുണ്ടാകുന്ന എല്ലാ പ്രദേശങ്ങളുടെയും കാര്യം ശ്രദ്ധിക്കണം. ഏതെങ്കിലും ഒരു പ്രദേശത്തു് കടലാക്രമണത്തിനെതിരെ പ്രതിരോധനടപടികൾ സ്വീകരിച്ചുകഴിഞ്ഞാൽ അതു് അടുത്ത പ്രദേശത്തേക്കുകൂടി വ്യാപിക്കുന്ന സ്ഥിതിയാണ് ഇന്നുള്ളതു്. അതുകൊണ്ട് നമ്മുടെ തീരപ്രദേശമാകെ സംരക്ഷിക്കുന്നതിനുള്ള ഒരു പദ്ധതിയാണ് നമുക്കാവശ്യം. ആ പദ്ധതിക്കു് പറഞ്ഞിരിയരീതിയിലുള്ള മാസ്റ്റർപ്ലാൻ കേന്ദ്രഗവണ്മെന്റ് തയാറാക്കിയാൽ അല്ലാതെ ഈ കാര്യത്തിൽ നമുക്കാശ്വാസം ലഭിക്കുകയില്ല. അതുകൊണ്ട് സഭയുടെ എല്ലാഭാഗത്തും ഉള്ള അംഗങ്ങളും ഈ പ്രമേയത്തെ അനുകൂലിക്കുമെന്നും ഈ പ്രമേയം പാസ്സാകുമെന്നും ഞാൻ വിശ്വസിക്കുകയാണ്. കടലാക്രമണപ്രതിരോധപ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനുവേണ്ടി ശ്രീമാൻ പറമ്പിത്തറ ചെയർമാനായി ഒരു കമ്മിറ്റിയെ 1960-ൽ ഗവണ്മെന്റ് നിയമിച്ചു. ആ കമ്മിറ്റിയുടെ റിപ്പോർട്ടിൽ കടലാക്രമണപ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ ചില പദ്ധതികളും കേന്ദ്രഗവണ്മെന്റ് ആവിഷ്കരിക്കണമെന്നും അതിനാവശ്യമായ സഹായമെല്ലാം കേന്ദ്രഗവണ്മെന്റ് ചെയ്തുതരണമെന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ കേന്ദ്രഗവണ്മെന്റ് ആ നടപടി സ്വീകരിക്കുന്നതിനു പകരം കടലാക്രമണപ്രതിരോധപ്രവർത്തനത്തിനുവേണ്ടി പണം കടംതരികയാണുചെയ്തതു്. ആ കടമാണെങ്കിൽ ആവശ്യത്തിനു കിട്ടുന്നില്ലെന്നു മാത്രമല്ല ആ കടം കൊടുത്തുതീർക്കുന്നതിനു് ഭാവിയിൽ നമ്മുടെ ഗവണ്മെന്റിനു കഴിയുമോ എന്നതുതന്നെ സംശയമാണ്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു ശരിയല്ല. ഞാൻ ചെയർമാനായിട്ടുള്ള കമ്മിറ്റി ആവശ്യപ്പെട്ട സംഖ്യ കേന്ദ്രഗവണ്മെന്റ് അനുവദിച്ചുതന്നു എന്നുള്ള വസ്തുത ബഹുമാനപ്പെട്ട മെമ്പർ കണക്കിലെടുക്കണം.

ശ്രീ. എ. എസ്. പുരുഷോത്തമൻ : സർ, നമ്മുടെ തീരപ്രദേശമാകെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ നമുക്കു കഴിഞ്ഞിട്ടില്ല.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : അന്നു് ആവശ്യപ്പെട്ട സംഖ്യ അനുവദിച്ചുകിട്ടി എന്നുള്ളതു് വസ്തുതയാണ്.

ശ്രീ. എ. എസ്. പുരുഷോത്തമൻ : സർ, ഞാൻ ഇവിടെ രണ്ടു കാര്യം സൂചിപ്പിച്ചു. കേന്ദ്രഗവണ്മെന്റ് തരുന്ന കടം കൊടുത്തുതീർക്കാൻ നമുക്കു കഴിയുമോ എന്നതുതന്നെ സംശയമാണ്. ഈ സംസ്ഥാനത്തെ തീരപ്രദേശം സംരക്ഷിക്കണമെങ്കിൽ അക്കാര്യത്തിൽ ഞാൻ വിദഗ്ദ്ധനല്ലെങ്കിലും ഏതാണ്ട് 50 കോടിയോളം രൂപ ആവശ്യമായി വരുമെന്നാണ് എന്റെ വിശ്വാസം. അത്രയും സംഖ്യ ഈ ഗവണ്മെന്റിനു് കടമായി തന്നാൽ അതു കൊടുത്തുതീർക്കാൻ നമുക്കു കഴിയുകയില്ല. ഈ കടലാക്രമണംകൊണ്ട് ചില പ്രത്യേക സ്ഥലങ്ങളിൽ വളരെയേറെ വിഷമം അനുഭവപ്പെടുന്നുണ്ട്. കേന്ദ്രഗവണ്മെന്റ് സ്വന്തം ഉത്തരവാദിത്വത്തിൽ ഒരു പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിയാൽ മാത്രമേ ഈ സംസ്ഥാനത്തെ കടലാക്രമണത്തിൽനിന്നു രക്ഷിക്കാൻ കഴിയുകയുള്ളു. സർ, എന്റെ നിയോജകമണ്ഡലത്തിന്റെ വലിയ ഒരു വിഭാഗം വൈപ്പിൻകര എന്ന പ്രദേശത്താണ്. [illegible]

LIBRARY ARCHIVES Kerala Legislative Assembly

വൈപ്പിൻകര കൊച്ചിൻ ഹാർബറിന്റെ തൊട്ടടുത്താണു്. ആ ദ്വീപിന്റെ നിലനിൽപ്പുതന്നെ നമ്മുടെ പോർട്ടിനു് ആവശ്യമാണെന്നാണു് വിദഗ്ദ്ധന്മാരുടെ അഭിപ്രായം. അവിടെ ഏതാണ്ടു് ഒന്നേകാൽ ലക്ഷം ജനങ്ങൾ അധിവസിക്കുന്നുണ്ടു്. തെക്കുഭാഗം കൊച്ചിൻ പോർട്ടും കിഴക്കുഭാഗം കായലും പടിഞ്ഞാറുഭാഗം അറബിക്കടലുമായി കിടക്കുന്ന ആ ഹാർബറിന്റെ സംരക്ഷകൻകൂടിയായ വൈപ്പിൻദ്വീപു് നിരവധി വർഷങ്ങളായി ശക്തിയായ കടലാക്രമണം ഉണ്ടായതിന്റെ ഫലമായി അതിന്റെ പല ഭാഗങ്ങളും കടൽ അപഹരിച്ചിരിക്കുകയാണു്. ആ സ്ഥിതിഗതികൾ വച്ചുനോക്കുമ്പോൾ നാം ഇന്നു് കടലാക്രമണത്തെ തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അപര്യാപ്തമാണെന്നു കാണാൻ സാധിക്കും. അതുകൊണ്ടു് വളരെ ശക്തിയായ രീതിയിലുള്ള ബണ്ടു് നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കണം. ഏതാണ്ടു് 50 വർഷങ്ങൾക്കു മുൻപു്, അതായതു് ബ്രിട്ടീഷ് ഭരണകാലത്തു് ഉണ്ടാക്കിയിട്ടുള്ള ബണ്ടുകൾ എത്ര ശക്തിയായ കടലാക്രമണമുണ്ടായിട്ടും ഇപ്പോഴും നശിച്ചുപോയിട്ടില്ല. അതുകൊണ്ടു് അതുപോലുള്ള ബണ്ടുകൾ നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി തയാറാക്കി നടപ്പാക്കുന്നതിനു് കേന്ദ്രഗവണ്മെന്റിനോടു് ആവശ്യപ്പെടുന്ന ഈ പ്രമേയത്തെ എല്ലാവരും അനുകൂലിക്കുമെന്നു പ്രതീക്ഷിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എ. വി. ആര്യൻ : സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

[Deputy Speaker in the Chair]

ശ്രീ. എം. കെ. കേളു : സർ, ഈ പ്രമേയത്തെ അനുകൂലിക്കുന്നതോടൊപ്പം തന്നെ ഒരു ചെറിയ ഭേദഗതി കൂടി അവതരിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. 'പ്രമേയത്തിൽ, ആറാം വരിയിൽ ''പ്ലാൻ തയ്യാറാക്കി'' എന്നതിനു ശേഷം ''കാലതാമസം വരുത്താതെ'' എന്നു കൂട്ടിച്ചേർക്കണം' എന്നതാണു് എന്റെ ഭേദഗതി.

സർ, തീരപ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളിൽ ഭൂരിഭാഗവും പാവപ്പെട്ടവരും ദരിദ്രരുമാണെന്നുള്ള കാര്യം നമുക്കെല്ലാവർക്കും അറിയാവുന്നതാണു്. അതുപോലെതന്നെ വലിയ കെട്ടിടങ്ങളും വളരെ കുറച്ചു മാത്രമേയുള്ളൂ. അതുകൊണ്ടു് കടലാക്രമണമുണ്ടാകുമ്പോൾ വളരെയധികം നാശനഷ്ടം സംഭവിക്കുന്നതു് മത്സ്യത്തൊഴിലാളികളുടെ വീടുകൾക്കാണു്. അതുപോലെതന്നെ കേരളത്തിന്റെ ഏറ്റവും വലിയ സമ്പത്തായ നാളികേരത്തിനും ഇതുമൂലം നാശം സംഭവിക്കുന്നുണ്ടു്. കടലാക്രമണമുണ്ടാകുമ്പോൾ തെങ്ങുകളെല്ലാം കടപുഴകി വീഴുന്ന സ്ഥിതിയാണു് ഇപ്പോഴുള്ളതു്. ഇതു തുടർന്നുപോകുകയാണെങ്കിൽ നമ്മുടെ നാളികേരമെല്ലാം നശിച്ചുപോകും. കൂടാതെ കണ്ണൂർ ജില്ലയിലുള്ള തലശ്ശേരിയിൽ സബ്ബു് കോർട്ടിനടുത്തും തലായിലും റോഡുകൾക്കും മടപ്പള്ളിയിലും ഇരിങ്ങലും തെങ്ങുകൾക്കു് കൂടുതൽ നാശം സംഭവിക്കുന്നുണ്ടു്. ഇതിൽ നിന്നെല്ലാം രക്ഷ പ്രാപിക്കുന്നതിനു് ആവശ്യമായ തരത്തിലുള്ള ഒരു പദ്ധതി ഒട്ടും കാലതാമസം കൂടാതെ നടപ്പിൽ വരുത്തണമെന്നാണു് എനിക്കു് അഭ്യർത്ഥിക്കാനുള്ളതു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണു്:

പ്രമേയത്തിൽ, ''നടപ്പിൽ വരുത്തണമെന്നു്'' എന്നതിനു പകരം, ''നടപ്പിൽ വരുത്തണമെന്നും, ഇതിനാവശ്യമായ മുഴുവൻ ചെലവും ഗ്രാന്റായി നൽകണമെന്നും'' എന്നു ചേർക്കുക.

സർ, ഈ പ്രമേയത്തിന്റെ തത്വത്തോടും പ്രമേയകർത്താവു പറഞ്ഞ കാര്യങ്ങളോടും ഞാൻ യോജിക്കുകയാണു്. ഈ തരത്തിലുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനു് നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി അനുവദിക്കുമോ എന്നുള്ള കാര്യം വളരെ സംശയമാണു്. കടലാക്രമണ പ്രതിരോധപ്രവർത്തനത്തിനു വേണ്ടി കേന്ദ്രഗവണ്മെന്റിൽനിന്നു് നമുക്കു തരുന്ന തുക തന്നെ പലിശ സഹിതം

LIBRARY ARCHIVES Kerala Legislative Assembly

തിരിച്ചടയ്ക്കേണ്ട സ്ഥിതിയാണ് ഇന്നുള്ളത്. നമ്മുടെ സംസ്ഥാനത്തെ കടലാക്രമണത്തിന്റെ സ്വഭാവമെല്ലാം പ്രമേയകർത്താവ് ഇവിടെ വിവരിക്കുകയുണ്ടായി. തോട്ടപ്പള്ളി മുതലായ സ്ഥലങ്ങളിൽക്കൂടി ബസ്സിൽ യാത്ര ചെയ്യുമ്പോൾ ഒന്നൊന്നര മൈൽ ദൂരത്തിൽ കടലിൽ കല്ലിട്ടിരിക്കുന്നതായി കാണാൻ കഴിയും. കടലിൽ കല്ലിടുന്ന പണിയേ നമുക്കുള്ളൂ. നമ്മുടെ പണമെല്ലാം കടലിൽ കല്ലിട്ട പോകുകയാണ്. ഈ സമ്പ്രദായം നിറുത്തുന്നതിനായി ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുകയും അതിനു വേണ്ട മുഴുവൻ ചെലവും കേന്ദ്രഗവണ്മെന്റ് ഗ്രാന്റായി തരികയും ചെയ്യണമെന്നുള്ള എന്റെ ഭേദഗതി പ്രമേയകർത്താവ് സ്വീകരിക്കുമെന്നു വിശ്വസിച്ചുകൊണ്ട് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. ജി. ഗോപിനാഥൻ പിള്ള : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിൽ, 'തീരദേശത്തെ കടലാക്രമണത്തിൽ നിന്ന്' എന്ന ഭാഗം കഴിഞ്ഞ് 'അടിയന്തിരമായി' എന്ന് കൂട്ടിച്ചേർക്കുക.

സർ, നാഷണൽ ഹൈവേയിൽക്കൂടി സഞ്ചരിക്കുന്നവർക്ക് തോട്ടപ്പള്ളി, പുന്നപ്ര എന്നീ ഭാഗങ്ങളും കടലുമായിട്ട് മല്ലിട്ട കഴിയുന്ന കാഴ്ച കാണുവാൻ സാധിക്കും. വളരെ വിദൂരമല്ലാത്ത ഭാവിയിൽ നമ്മുടെ നാഷണൽ ഹൈവേ കിഴക്കോട്ട മാറിമാറി എം. സി. റോഡുമായി യോജിക്കുന്ന പരിതഃസ്ഥിതി ഉണ്ടാകുമെന്നാണ് ഞാൻ പറയുന്നത്. തോട്ടപ്പള്ളിയും അടുത്തുള്ള പ്രദേശങ്ങളും കടലുമായിട്ട് 25 അടി അകലം മാത്രമേയുള്ളൂ. 1955-ൽ ഒരു യൂറോപ്യൻ സായിപ്പ് ഇവിടെ വന്നിട്ട് ഒരു ബണ്ട് നിർമ്മിച്ചു. അതെല്ലാം കടലിലേക്ക് ഒലിച്ചുപോയ്ക്കൊണ്ടിരിക്കുകയാണ്. മറ്റു ഭാഗങ്ങളിലും ഈ സ്ഥിതി സംഭവിച്ചുകൊണ്ടിരിക്കുകയാണ്. കടൽ ഇങ്ങനെ ഉള്ളിലേക്കു വന്നു വന്ന് ചങ്ങനാശ്ശേരി വരെ കയറിവരാവുന്ന പരിതഃസ്ഥിതിയാണ് ഇന്നുള്ളത്. അതുകൊണ്ട് അടിയന്തിരമായി കേന്ദ്രത്തിൽനിന്ന് ഗ്രാന്റായിട്ടോ ലോണായിട്ടോ പണം വാങ്ങിച്ച് വേണ്ട നടപടി സ്വീകരിക്കണം. ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ഒ. കോരൻ : സർ, എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രമേയത്തിൽ, രണ്ടാമത്തെ വരിയിൽ ''തീരപ്രദേശത്തെ'' എന്നതിനു ശേഷം ''അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന'' എന്നു ചേർക്കുക.

സർ, കേരളം പരശുരാമൻ മഴുവെറിഞ്ഞു കടൽ മാറി കരയായതാണ് എന്നാണ് ഐതിഹ്യം. എന്നാൽ ഇപ്പോഴും വീണ്ടും കര മാറി കടൽ ആകുവാൻ പോകുകയാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അത്രമാത്രം ഗുരുതരമായ കടലാക്രമണമാണ് ഈ പ്രദേശത്തു ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മഹാകവി വള്ളത്തോളിന്റെ ഭാഷയിൽ പറഞ്ഞാൽ

''പച്ചയാം വിരിപ്പിട്ട സഹ്യനിൽ തല ചാച്ചും
സച്ഛാബ്ധി മണൽത്തിട്ടാം പാദോപധാനം പൂണ്ടും
പള്ളികൊണ്ടിടും നിന്റെ പാദയുഗത്തെക്കാത്തു-
കൊള്ളുന്നു കുമാരിയും ഗോകർണ്ണേശനുമമ്മേ''

ശ്രീ. ടി. കെ. രാമകൃഷ്ണൻ : കല്ലുമലിഞ്ഞുപോകും ഈ ശ്ലോകം ചൊല്ലൽ കേട്ടാൽ.

ശ്രീ. ഒ. കോരൻ: ആ മണൽത്തിട്ട കടൽ കൈവശപ്പെടുത്തിക്കളഞ്ഞു. അതിനു വേണ്ടി എന്തു നടപടി സ്വീകരിക്കണമെന്ന് അതിഗൗരവമായി ചിന്തിക്കുകയും സംരക്ഷണനടപടികൾക്കു കേന്ദ്രഗവണ്മെന്റിൽനിന്നു സാമ്പത്തികസഹായം ആവശ്യപ്പെടുകയും വേണം. ഇന്നത്തെ നിലയിൽ ഈ പ്രശ്നത്തിനു പരിഹാരം കാണാൻ ഈ സ്റ്റേറ്റ് ഗവണ്മെന്റിന്റെ സാമ്പത്തികനില അനുവദിക്കാത്തതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് കേന്ദ്രത്തിന്റെ സഹായസഹകരണങ്ങളും ആവശ്യമാണ്. ഈ അതിഗുരുതരമായ പ്രശ്നത്തിനു പരിഹാരം കാണുന്നതിനു കേന്ദ്രഗവണ്മെന്റിൽനിന്നും ഗ്രാന്റായിട്ട് പണം വാങ്ങി വേണ്ട നടപടികളും സ്വീകരിക്കണമെന്നു അഭ്യർത്ഥിക്കുന്നു. ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള : സർ, എന്റെ ഭേദഗതി അവതരിപ്പിക്കുന്നു:—

പ്രമേയത്തിൽ, 'സംരക്ഷിക്കുന്നതിനു'' എന്ന ഭാഗം കഴിഞ്ഞു് 'കേന്ദ്രഗവണ്മെന്റു് ആവശ്യമായ സാമ്പത്തികസഹായം നൽകാത്തതിനാൽ' എന്നു കൂട്ടിച്ചേർക്കുക.

ഈ സംസ്ഥാനത്തിന്റെ കടലോരപ്രദേശമാണു് ഇൻഡ്യയ്ക്കു കൂടുതൽ വിദേശനാണ്യം നേടിക്കൊടുക്കുന്നതു്. അക്കാര്യം പ്രത്യേകമായി പരിഗണിച്ചു് കേന്ദ്രഗവണ്മെന്റു് ഈ പ്രശ്നം പരിഹരിക്കുന്നതിനു് കൂടുതൽ സാമ്പത്തികസഹായം നൽകണമെന്നു് അഭ്യർത്ഥിക്കുന്നു. ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

Shri A. V. Aryan: Sir, I move- In the 6th line of the resolution after 'വരുത്തണമെ' delete' 'ന്നു'' and add, 'ന്നും. അടിയന്തിരമായി ചില രക്ഷാനടപടികളും എടുക്കണമെന്നും.'

നമ്മുടെ കേരളത്തിന്റെ തെക്കേയറ്റത്തു് ചില പ്രദേശങ്ങളിൽ കടലാക്രമണം തടയുന്നതിനു് ചില ഏർപ്പാടുകളും ഉണ്ടാക്കിയിട്ടുണ്ടു്. എന്നാൽ തൃശ്ശൂർ ഡിസ്ട്രിക്ടിന്റെ പടിഞ്ഞാറൻ ഭാഗങ്ങളിൽ കടലാക്രമണംകൊണ്ടു് വളരെയധികം നാശം വന്നുകൊണ്ടിരിക്കുകയാണു്. അതു സംബന്ധിച്ചു് ഈ മന്ത്രിസഭ വന്നതിനുശേഷം ഈ വകുപ്പു മന്ത്രിയുടെ അടുത്തു് എത്രയോ പ്രാവശ്യം നിവേദനം നടത്തിയിട്ടുണ്ടു്. പക്ഷെ ഇതുവരെയും കടലാക്രമണം തടയുന്നതിനു് ആ പ്രദേശങ്ങളിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല, ചേറുവാ അഴിമുഖത്തു് കടൽ ഉള്ളിലോട്ടു കയറി ഏകദേശം പന്ത്രണ്ടു വീടുകളും ഇരുന്ന സ്ഥലം കടലായി മാറിക്കഴിഞ്ഞിരിക്കുകയാണു്. ഇപ്പോൾതന്നെ 200 ഓളം തെങ്ങുകളും നശിച്ചുപോയിട്ടുണ്ടു്. തിരു-കൊച്ചി മലബാർ സംയോജനം നടത്തിയതിനുശേഷം ഇതുവരെയായിട്ടു് ആ ഭാഗത്തു് കടലാക്രമണം തടയുന്നതിനുവേണ്ടി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അതുകൊണ്ടു് അടിയന്തിരമായി എന്തെങ്കിലും നടപടി സ്വീകരിക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണു്. പ്രമേയത്തിൽ അഞ്ചാമത്തെ വരിയിൽ 'പ്രതിരോധത്തിനു'' എന്നു കഴിഞ്ഞു് ''സമഗ്രമായ'' എന്നു കൂട്ടിച്ചേർക്കേണ്ടതാണു്.

നമ്മുടെ കേന്ദ്രഗവണ്മെന്റു് രാജ്യത്തിന്റെ വടക്കെയറ്റത്തു് പ്രതിരോധത്തിനുവേണ്ടി ആയിരക്കണക്കിനു രൂപ ചെലവാക്കുന്നുണ്ടു്. അങ്ങനെ നമ്മുടെ രാജ്യത്തിന്റെ രക്ഷയ്ക്കുവേണ്ടി ആയിരക്കണക്കിനു് രൂപ ചെലവാക്കി തോക്കും മറ്റു മാരകായുധങ്ങളും നിർമ്മിക്കുന്നുണ്ടു്, ഈ സന്ദർഭത്തിൽ രാജ്യത്തിന്റെ ഒരു ഭാഗം കടൽ കൈയടക്കിക്കൊണ്ടിരിക്കുകയാണു്. കടലമ്മയെന്നൊക്കെ നമ്മൾ വിശേഷിപ്പിക്കാറുള്ള കടൽ, രൗദ്രഭാവം പൂണ്ടു് രക്തരാക്ഷസിയായി നമ്മുടെ നാടു് കുറേശ്ശയായി കാർന്നു കൊണ്ടുപോകുകയാണു്. തീർച്ചയായും ഇതിനെതിരായ പ്രതിരോധ പ്രവർത്തനങ്ങളും ഏർപ്പെടുത്തേണ്ടതാണു്. വടക്കൻ അതിർത്തികളും സംരക്ഷിക്കുന്നകാര്യത്തിൽ മുൻഗണന നൽകുന്ന കേന്ദ്രം ഈ തീരപ്രദേശങ്ങളെ സംരക്ഷിക്കുന്ന കാര്യത്തിലും മുൻഗണന നൽകേണ്ടതാണു്. ആയിരക്കണക്കിനു് രൂപ ചെലവാക്കുന്നതിന്റെ ഒരു പത്തു ശതമാനം മാത്രംമതി കേരളംപോലുള്ള സംസ്ഥാനങ്ങളെ കടലാക്രമണത്തിൽനിന്നും രക്ഷപ്പെടുത്തുന്നതിനു് വേണ്ട ഏർപ്പാടുകളും ചെയ്യുവാൻ. വിശേഷിച്ചും വിദേശനാണ്യം ഇൻഡ്യയ്ക്കു് നേടിക്കൊടുക്കുന്നതിൽ ഗണ്യമായ പങ്കു് വഹിക്കുന്ന ഒരു സംസ്ഥാനമാണു് കേരളം. അതുകൊണ്ടു് കേരള ഗവണ്മെന്റു് ഇൻഡ്യാ

LIBRARY ARCHIVES Kerala Legislative Assembly

ഗവണ്മെൻറിന്റെ സഹായത്തോടുകൂടി കേരളത്തിലെ കടലാക്രമണം തടയുന്നതിനു് സമഗ്രമായ ഒരു പരിപാടി തയ്യാറാക്കി നടപ്പിൽ വരുത്തേണ്ടതാണു്. ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. പ്രമേയത്തിൽ—'നടപ്പിൽ വരുത്തണമെന്നു' എന്നതിനു പകരം 'നടപ്പിൽ വരുത്തണമെന്നും അടിയന്തിരമായി ചെയ്യേണ്ടുന്ന കടലാക്രമണ നിരോധന നടപടികൾക്കാവശ്യമായ പണം ഈ വർഷംതന്നെ അനുവദിച്ചുതരണമെന്നും' എന്നും ചേർക്കുക.

കടലാക്രമണ പ്രതിരോധത്തിനുവേണ്ടി മാസ്റ്റർപ്ലാൻ തയാറാക്കണമെന്ന പ്രമേയം തീർച്ചയായും സ്വാഗതാർഹമാണു്. പക്ഷെ ഇന്നു ഭയങ്കരമായ കടലാക്രമണത്തിന്റെ ഫലമായിട്ടു് വളരെ തീരപ്രദേശങ്ങളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ഒരു മാസ്റ്റർപ്ലാൻ ഉണ്ടാക്കി അതു നടപ്പിൽ വരുത്തുന്ന അവസരംവരെ കാത്തിരിക്കുവാൻ നിവൃത്തിയില്ല. സർ, വടക്കൻപ്രദേശങ്ങളായ കല്ലായി പന്തലായിനി തുടങ്ങിയ പ്രദേശങ്ങളിൽ കടലാക്രമണം വളരെ ഗുരുതരമായി ബാധിച്ചുകൊണ്ടിരിക്കുകയാണു്. സർ, ഇന്നു ഈ ആവശ്യങ്ങൾക്കുവേണ്ടി നടപടി സ്വീകരിക്കണമെന്നു സ്റ്റേറ്റു ഗവണ്മെൻറിനോടു് ആവശ്യപ്പെടുമ്പോൾ പണമില്ലാത്തതുകൊണ്ടു് അതു് സാധിക്കുന്നില്ല. അതുകൊണ്ടു് ഈ വർഷം ഉണ്ടായ കെടുതികൾക്കു് അടിയന്തിരമായ നടപടി സ്വീകരിക്കുന്നതിനു് ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിനു് കേന്ദ്രഗവണ്മെൻറിനോടു് അഭ്യർത്ഥിച്ചുകൊള്ളുന്നു. ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. വി. കൃഷ്ണൻനായർ: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. പ്രമേയത്തിൽ 'മാസ്റ്റർപ്ലാൻ തയ്യാറാക്കി' എന്നതിനുശേഷം ''ആവശ്യമായ സംഖ്യ ഗ്രാൻറായോ ലോണായോ ദീർഘകാല ലോണായോ അനുവദിക്കേണ്ടതാണു്'' എന്നു കൂട്ടിച്ചേർക്കുക.

സർ, കടലാക്രമണം കൊണ്ടു് തീരപ്രദേശത്തെ ജീവിതം ഒരു തീരാശാപമായിത്തീർന്നിട്ടുണ്ടു്. കടലാക്രമണത്തിൽനിന്നും ശാശ്വതമായി ഈ തീരദേശവാസികളെ രക്ഷിക്കേണ്ടതു് വളരെ അത്യാവശ്യമാണു്. സംസ്ഥാന ഗവണ്മെൻറുമാത്രം വിചാരിച്ചാൽ സാധിക്കാത്ത ഇക്കാര്യത്തിൽ കേന്ദ്രഗവണ്മെൻറിന്റെ നിർലോഭമായ സഹായസഹകരണമുണ്ടായേതീരൂ. അതിനു് കേന്ദ്രഗവണ്മെൻറിൽനിന്നും ലോണായിട്ടോ. ഗ്രാൻറായിട്ടോ, ദീർഘകാലാടിസ്ഥാനത്തിൽ തിരിച്ചടയ്ക്കാവുന്ന തരത്തിലുള്ള ലോണായിട്ടോ സാമ്പത്തിക സഹായം ലഭിച്ചെങ്കിൽ മാത്രമെ എന്തെങ്കിലും പരിപാടി നമുക്കു ആസൂത്രണം ചെയ്യാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടു് എന്റെ ഭേദഗതി സ്വീകരിക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. കെ. കുമാരപിള്ള: സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. പ്രമേയത്തിൽ ''തയ്യാറാക്കി നടപ്പിൽ വരുത്തണമെന്നു'' എന്നതിനുശേഷം ''ഈ സഭ'' എന്നതിനു് മുമ്പു് ''ഇതിലേക്കാവശ്യമായ മുഴുവൻ തുകയും ഗ്രാൻറായി കേന്ദ്രഗവണ്മെൻറിനോടു് വാങ്ങണമെന്നും'' എന്നു് കൂട്ടിച്ചേർക്കുക.

സർ, ഈ കടലാക്രമണ നിരോധന പ്രവർത്തനങ്ങൾ അടിയന്തിരമായി കേരളത്തിന്റെ തെക്കേയറ്റം മുതൽ വടക്കേയറ്റം വരെ നടപ്പാക്കേണ്ടതാണെന്നാണു് എന്റെ അഭിപ്രായം. ഈ പ്രമേയത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളോടു് ആർക്കെങ്കിലും അഭിപ്രായ വ്യത്യാസമുണ്ടാകുമെന്നു് ഞാൻ വിശ്വസിക്കുന്നില്ല. പ്രത്യുൽപ്പാദനപരമല്ലാത്ത കാര്യങ്ങൾക്കുവേണ്ടി വായ്പ വാങ്ങുന്ന ഒരു സമീപനം ഒരു രാജ്യത്തിന്റെയും സമ്പദ്ഘടനയ്ക്കു് പ്രയോജനകരമായിരിക്കുകയില്ല. വിശേഷിച്ചും കേരളത്തിന്റെ കാര്യത്തിൽ. നമ്മുടെ കടലോരത്തിന്റെ ദൈർഘ്യവും മറ്റും പരി

LIBRARY ARCHIVES Kerala Legislative Assembly

ഗണിക്കുമ്പോഴും ഈ മുഴുവൻ തുകയും ഗ്രാൻറായി കിട്ടിയാൽ മാത്രമേ ഫലപ്രദമായ നടപടി നടത്തുവാൻ കഴിയുകയുള്ളൂ, കേന്ദ്ര മന്ത്രിമാരിൽ ചിലർപോലും, പ്ലാനിംഗ് കമ്മിഷനിലും അതുപോലുള്ള സമിതികളുടെ മുമ്പിലും, ഈ തുക മുഴുവൻ ഗ്രാൻറായി കേരളത്തിനു് കേന്ദ്രം നൽകേണ്ടതാണെന്നു് അഭിപ്രായപ്പെട്ടിട്ടുള്ളതായി എനിക്കു് അറിവുണ്ടു്. അതു് ശരിയാണോ എന്നുള്ളതിനെപ്പറ്റി ഉറപ്പിച്ചു പറയുവാനും തർക്കിക്കുവാനും ഞാനാഗ്രഹിക്കുന്നില്ല. പറഞ്ഞാലും ഇല്ലെങ്കിലും കേരളത്തിനു് ഈ തുക മുഴുവൻ ഗ്രാൻറായി നൽകണമെന്നുള്ള എന്റെ ഭേദഗതി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: സർ, ഉടനടി പദ്ധതി തയ്യാറാക്കി കടലാക്രമണ നിരോധനം നടപ്പിലാക്കണമെന്നുള്ളതാണു് എന്റെ ഭേദഗതികൊണ്ടുദ്ദേശിച്ചിരുന്നതു്. തോട്ടപ്പള്ളിപോലുള്ള സ്ഥലങ്ങൾക്കു് അറേബ്യൻ കടലിൽനിന്നു് ഇരുന്നൂറു വാര അകലമേയുള്ളൂ. ഏറ്റവും വേഗം കടലാക്രമണ നിരോധന പ്രവർത്തനങ്ങളും നടത്താത്തപക്ഷം ചങ്ങനാശ്ശേരി, തിരുവല്ലാ, ചെങ്ങന്നൂർ, ആറന്മുള എന്നീ സ്ഥലങ്ങളെല്ലാം കടലാകുമെന്നുള്ളതിനു സംശയമില്ല. അതുകൊണ്ടു് ഏറ്റവും വേഗം കടലാക്രമണ നിരോധന പ്രവർത്തനത്തിനു് പദ്ധതിയുണ്ടാക്കണമെന്നാണു് എനിക്കു് പറയുവാനുള്ളതു്.

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: സർ. ഈ പ്രമേയത്തെ അനുകൂലിക്കുന്നതോടൊപ്പം, ഇതു് അടിയന്തിരമായി വേണം എന്നാണു് എനിക്കു പറയാനുള്ളതു്. ഞങ്ങളുടെ ഭാഗത്തുള്ള പ്രദേശങ്ങൾ എപ്പോഴാണു് കടലിലായിപ്പോകുക എന്നറിഞ്ഞുകൂടാത്ത ദുഃസ്ഥിതിയാണു് നിലവിലുള്ളതു്. തലശ്ശേരി കോടതിതന്നെ കടലിലായിപ്പോകാനിടയുണ്ടു്.

ശ്രീ. കെ. കെ. കുമാരപിള്ള: അങ്ങനെയാണെങ്കിൽ രാജ്യം രക്ഷപ്പെട്ടുന്നു കരുതാം:

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: അങ്ങനെ കോടതിതന്നെ അവിടെ അപകടത്തിലായിരിക്കുകയാണു്. അതു സംരക്ഷിക്കണം.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: സർ, ഇദ്ദേഹം കോടതിക്കെതിരായിട്ടാണോ സംസാരിക്കുന്നതു്; വ്യക്തമല്ല.

ഡെപ്യൂട്ടി സ്പീക്കർ: ആർഡർ ആർഡർ. കോടതിയെ സംരക്ഷിക്കണമെന്നാണു്.

ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: സർ, തലശ്ശേരി കോടതിയെ കടലാക്രമണത്തിൽനിന്നും സംരക്ഷിക്കണം. അതോടൊപ്പം തീരപ്രദേശം മുഴുവനും കടലാക്രമണത്തിൽനിന്നു സംരക്ഷിക്കുന്നതിനു നടപടി അടിയന്തിരമായി സ്വീകരിക്കണമെന്നു അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. പി. ഗംഗാധരന്റെ ഭേദഗതി ആർഡറിലല്ല; ബഹുമാനപ്പെട്ട മെമ്പർക്കു് സംസാരിക്കാം.

ശ്രീ. പി. ഗംഗാധരൻ : കടലാക്രമണത്തിന്റെ ദോഷങ്ങളെപ്പറ്റി ഇവിടെ പറഞ്ഞുകഴിഞ്ഞു. അതു് വളരെ ഫലപ്രദമായി പരിഹരിക്കേണ്ടിയിരിക്കുന്നു. ഇന്നു് ഇതു് ഇറിഗേഷൻ വകുപ്പാണു് കൈകാര്യം ചെയ്യുന്നതു്. അതിൽ വിരോധമില്ല. എന്നാൽ ഇതിനുവേണ്ടി പ്രത്യേകം നടപടികളും എടുക്കാതിരിക്കുന്നതുകൊണ്ടു് ബുദ്ധിമുട്ടുകളും ഉണ്ടു്. എറണാകുളം ഡിസ്ട്രിക്ടിൽ ഇറിഗേഷൻ വകുപ്പിലെ പെരുമ്പാവൂർ എക്സിക്യൂട്ടീവു് എൻജിനീയരുടെ ചുമതലയിലാണു് ഇതു് ഇന്നു നടക്കുന്നതു്. കടൽത്തീരത്തുനിന്നു് 20 മൈൽ അകലെയാണു് ആ ആഫീസു്. കടലാക്രമണം ഉണ്ടാകുമെന്നു് നേരത്തേ നോട്ടീസു് കിട്ടാറില്ല. അവിടെ അറിയി

LIBRARY ARCHIVES Kerala Legislative Assembly

ക്കാൻ ബുദ്ധിമുട്ടുണ്ട്. കൊച്ചിയിൽ ജൂനിയർ എൻജിനീയറാഫീസുണ്ട്. അവിടെ അറിയിച്ചാൽ പോരാ. അവിടെ ഫോണുമില്ല. നാം ഇത്ര അശ്രദ്ധമായി കാര്യങ്ങൾ നടത്തുകയാണെങ്കിൽ കേന്ദ്രഗവണ്മെന്റ് എത്ര തന്നാലും പ്രയോജനമില്ല. കടലാക്രമണനിരോധനപ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തിയില്ലെങ്കിൽ കൊച്ചി ഹാർബറിനു അപകടകരമാണു. കടലമ്മ ക്ഷോഭിച്ചാൽ 'അറബിക്കടലിലെ സുന്ദര്യറാണി' നഷ്ടപ്പെടുകയാണെങ്കിൽ അതിന്റെ വിപത്തു് നമുക്കായിരിക്കുമെന്നുള്ളതിൽ സംശയമില്ല. തെറ്റായ പരീക്ഷണങ്ങൾ നടത്തിയതിന്റെ ഫലമായിട്ടാണു് ഇത്രയും നാശങ്ങൾ ഉണ്ടായതു്. മണൽ വാരിക്കൂട്ടി ടാർ ഒഴിച്ചു നിരത്തിയാൽ കടലാക്രമണമുണ്ടാകാതിരിക്കുമോ? പരീക്ഷണത്തിന്റെ പേരിൽ എന്തു് അസംബന്ധമാണു് നടത്തിയതു്? കടൽഭിത്തിയും പുലിമുട്ടും കെട്ടുകയാണെങ്കിൽ യാതൊരു കുഴപ്പവുമില്ല എന്നാണനുഭവം. അതുകൊണ്ടു് ഇത്ര പ്രത്യേകിച്ചു് ഒരു എൻജിനീയറുടെ കീഴിലാക്കണമെന്നാണു് എനിക്കു് പറയാനുള്ളതു്. അതു് അംഗീകരിക്കാൻ പ്രമേയാവതാരകനു വിഷമമുണ്ടാകുമെന്നു വിശ്വസിക്കുന്നില്ല.

മരാമത്തുമന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ): സർ, കേരളത്തിൽ കടലാക്രമണം മൂലമുണ്ടാകുന്ന ദുരിതങ്ങൾ ഗവണ്മെന്റിന്റെ സജീവമായ ശ്രദ്ധയിൽപ്പെടുകയും അതിന്റെ നിവാരണത്തിനായി ഈ ഗവണ്മെന്റു് ഉണ്ടാക്കിയിട്ടുള്ള സംരംഭങ്ങൾക്കു് കേന്ദ്രഗവണ്മെന്റിന്റെ ധനസഹായം അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ടു്. ഒന്നാം പഞ്ചവത്സരപദ്ധതിയിൽ കടലാക്രമണനിരോധനപ്രവർത്തനങ്ങൾക്കുവേണ്ടി പ്രത്യേകമായി തുക വകയിരുത്തിയിരുന്നില്ലെങ്കിലും പ്രവർത്തനങ്ങൾ ആ വർഷമാണു് ആരംഭിച്ചതു്. ഈ പ്രവർത്തനത്തിനായി ഇതുവരെ ചെലവാക്കിയിട്ടുള്ള തുകയുടെ സാമാന്യമായ വിവരം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണു്:—

ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു്	103·0	ലക്ഷം രൂ.
രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തു്	137·0	,,
മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു്	445·7	,,
1966–67–ൽ ,,	72·0	,,
1967–68–ൽ ,,	27·0	,,
1968–69–ൽ ,,	55·0	,,

ഇത്രയും തുക ചെലവഴിച്ചുകഴിഞ്ഞതിനു പുറമെ, 1969–70–ലേക്കു് 40 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ടു്. നമുക്കു് 350 മൈലോളം കടലോരമുള്ളതിൽ 200-ൽപ്പരം മൈൽ സംരക്ഷിക്കേണ്ടതുണ്ടു്. ഇതിനകം ചെലവാക്കിയിട്ടുള്ള തുക കൊണ്ടു് 50 മൈലിനു മാത്രമാണു് സാമാന്യമായി സംരക്ഷണം നൽകാൻ കഴിഞ്ഞിട്ടുള്ളതു്. ഒരു മൈൽ കടൽത്തീരം സംരക്ഷിക്കുന്നതിനു് ശരാശരി 20 ലക്ഷം രൂപ വേണം. അതു പ്രകാരം, ഇനി ശേഷിക്കുന്ന 150 മൈൽ സംരക്ഷിക്കുന്നതിനു് 30 കോടി രൂപ വേണ്ടിവരുമെന്നാണു് ഗവണ്മെന്റു കണക്കാക്കുന്നതു്.

രണ്ടു മാർഗ്ഗമാണു് കടലാക്രമണനിരോധനത്തിനു് പ്രധാനമായി സ്വീകരിച്ചുവരുന്നതു്. ഒന്നു്, മുട്ടുകൽ ഇടുക; രണ്ടു്, കടൽഭിത്തി കെട്ടുക. ഇതുസംബന്ധിച്ചു സാങ്കേതികമായ കാര്യങ്ങളിൽ സെൻട്രൽ വാട്ടർ ആൻഡു് പവ്വർ കമ്മീഷന്റെ ഉപദേശപ്രകാരമാണു് ഗവണ്മെന്റു പ്രവർത്തിച്ചുവരുന്നതും കാര്യങ്ങൾ നിർവ്വഹിക്കുന്നതും. അതു കൂടാതെ, രണ്ടു് അമേരിക്കൻ വിദഗ്ധന്മാർ ഇവിടെ വന്നു് കടലാക്രമണനിരോധനപ്രവർത്തനങ്ങളെപ്പറ്റി പരിശോധനയും പഠനവും നടത്തുകയുമുണ്ടായി. അവരിൽനിന്നു് പ്രധാനമായി കിട്ടിയിട്ടുള്ള നിർദ്ദേശം ഒരു 'നറിഷ്മെന്റു്' പരിപാടി വേണമെന്നുള്ളതാണു്. അതായതു് കടലാക്രമണപ്രദേശത്തു് വീണ്ടും വീണ്ടും മണ്ണിട്ടുകൊടുക്കുക. എന്നാൽ അതിനു വേണ്ടിവരുന്ന ഭാരിച്ച ചെലവു് താങ്ങാൻ നമുക്കു് നിവൃത്തിമില്ലാതെയാണിരിക്കുന്നതു്. ഡ്രെഡ്ജറിനും മറ്റുമായി വലിയ തുക ചെലവാക്കിയെങ്കിലേ ഈ പരിപാടി നടപ്പാക്കാൻ കഴിയൂ. അതുകൊണ്ടു് ആ മാർഗ്ഗം ഏറ്റെടുക്കാൻ നിവൃത്തിയില്ലാത്തതിനാൽ, അതിനു സമാനമായ

LIBRARY ARCHIVES Kerala Legislative Assembly

പ്രയോജനമുള്ള, കടൽഭിത്തി കെട്ടുക എന്നുള്ളതാണു് ഇപ്പോഴും സ്വീകരിച്ചുവരുന്ന നടപടി. ഈ പദ്ധതിയുമായി ഗവണ്മെൻറു് മുന്നോട്ടു പോകുകയും 50 മൈൽ പ്രദേശത്തെ സംരക്ഷണപ്രവർത്തനം പൂർത്തിയാക്കുകയുമാണു് ചെയ്തിട്ടുള്ളതു്. ഇനി 150 മൈൽ പ്രദേശത്തു് ഇതു ചെയ്യണമെന്നു മാത്രമല്ല, കടൽഭിത്തി നിർമ്മിക്കാൻ കഴിഞ്ഞിട്ടുള്ള 50 മൈൽ പ്രദേശത്തു് അതിൻെറ മെയിൻറനൻസു കൂടി നിർവ്വഹിക്കേണ്ടിയിരിക്കുന്നു. അതു നടത്തിയില്ലെങ്കിൽ മൂന്നുനാലു വർഷം കഴിയുമ്പോഴേക്കും അതിൻെറ പ്രയോജനം നഷ്ടമാകും. ഇതിനെല്ലാം വേണ്ടിവരുന്ന ഭാരിച്ച ചെലവു് നമ്മുടെ സംസ്ഥാനത്തിനു താങ്ങാൻ കഴിയുകയില്ലെന്നും അതുകൊണ്ടു് കേന്ദ്രഗവണ്മെൻറു് സഹായധനം നൽകുന്ന ഒരു പദ്ധതിയായി (ഒരു കേന്ദ്രപദ്ധതിയായി) ഇതു് അംഗീകരിക്കണമെന്നും ഈ ഗവണ്മെൻറു് കേന്ദ്രഗവണ്മെൻറിൻെറ മുൻപിൽ നിരന്തരമായി നിവേദനം നടത്തിയിട്ടുണ്ടു്. പക്ഷേ ആശിച്ച ഫലം ഇതുമൂലം ഉണ്ടായിട്ടില്ല. നാലാം പദ്ധതിയിൽ സംസ്ഥാനങ്ങൾക്കു് ധനസഹായം ചെയ്യുന്നതിലും കടമിടപാടുകളിലും വന്നിട്ടുള്ള മാറ്റമനുസരിച്ചു് ബ്ലോക്കു് അലോട്ടുമെൻറായേ കിട്ടുന്നുള്ളു. സംസ്ഥാനഗവണ്മെൻറു് ആവശ്യമായ തുക വകയിരുത്തേണ്ടിയിരിക്കുകയാണു്. നാലാം പദ്ധതിക്കാലത്തു് 10 കോടി രൂ. അനുവദിക്കാൻ പ്ലാനിംഗു് കമ്മീഷൻ ശുപാർശ ചെയ്തിരുന്നെങ്കിലും 6 കോടി രൂ.–ക്കു മാത്രമാണു് അനുവാദമുള്ളതു്. ആ വിഹിതത്തിൽ ഈ വർഷം അലോട്ടു ചെയ്തുകിട്ടേണ്ടതു് ഒരു കോടി 20 ലക്ഷം രൂപയാണു്. പക്ഷേ, 40 ലക്ഷം രൂപ മാത്രമാണു് വകയിരുത്തിയിട്ടുള്ളതു്.

മറ്റു രംഗങ്ങളിലെ പ്രവർത്തനങ്ങൾക്കും ദോഷം വരാത്ത രീതിയിൽ ഈ പ്രശ്നത്തെ ഗവണ്മെൻറു് സമീപിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു് ചില മുൻഗണനാക്രമങ്ങളുടെ അടിസ്ഥാനത്തിലാണു് ഈ പ്രവർത്തനങ്ങൾ നടത്തുന്നതു്. റെയിൽവേ ലൈൻ, നാഷണൽ ഹൈവേ ഇവ പോകുന്ന സ്ഥലങ്ങൾക്കാണു് മുഖ്യപരിഗണന നൽകിയിരിക്കുന്നതു്. മറ്റു ഗതാഗതത്തിനു് തടസ്സമുണ്ടാകാതിരിക്കത്തക്കവിധം സംരക്ഷിക്കുന്നതിനാണു് രണ്ടാമത്തെ പരിഗണന. പൊതു സ്ഥാപനങ്ങൾക്കു് നാശനഷ്ടങ്ങൾ വരാതിരിക്കുന്നതിനാണു് മൂന്നാമത്തെ പ്രയോറിട്ടി ഗവണ്മെൻറു് നിശ്ചയിച്ചിരിക്കുന്നതു്. അതുപോലെ, ജലഗതാഗതത്തിനു തടസ്സം വരാതിരിക്കുന്നതിനുള്ള മുൻഗണനയും ഉണ്ടു്. ഗവണ്മെൻറിൻെറ സാമ്പത്തികനിലയ്ക്കനുസരിച്ചു് ഇക്കാര്യത്തിൽ ശ്രദ്ധിക്കുന്നുണ്ടു്. ഇതു് ഒരു കേന്ദ്രപദ്ധതിയായി അംഗീകരിച്ചുകിട്ടുന്നതിനു വേണ്ട എല്ലാ വിധത്തിലുമുള്ള ശ്രമങ്ങളും തുടർന്നും നടത്തുന്നതാണു്. ആ വഴിക്കു് സഭയുടെ പൂർണ്ണമായ പിൻതുണ ഈ പ്രമേയത്തിലൂടെ വ്യക്തമാകുകയും ചെയ്തിരിക്കുകയാണു്. സഭ പ്രകടിപ്പിച്ചിട്ടുള്ള എല്ലാ വികാരങ്ങളെയും പൂർണ്ണമായും മാനിച്ചു്, ഗവണ്മെൻറിൻെറ ഇതുവരെയുള്ള ശ്രമങ്ങളും തുടരുന്നതാണെന്നു് സഭയ്ക്കു് ഉറപ്പു നൽകുന്നു. അതിൻെറ അടിസ്ഥാനത്തിൽ പ്രമേയാവതാരകൻ പ്രമേയം പിൻവലിക്കണമെന്നു് അഭ്യർത്ഥിക്കുന്നു.

[Mr. Speaker in the Chair]

ശ്രീ. എ.എസ്സു്. പുരുഷോത്തമൻ: പ്രമേയം പാസ്സാക്കുന്നതായിരിക്കും നല്ലതു്. പാസ്സാക്കാൻ ബഹുമാനപ്പെട്ട മന്ത്രിയും സഭയും അനുവദിക്കണമെന്നപേക്ഷിക്കുന്നു.

Mr. Speaker: So the hon. Member is pressing?

ശ്രീ. എ. എസ്സു്. പുരുഷോത്തമൻ: ഈ പ്രമേയം പാസ്സാക്കുന്നതിനു് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുമെന്നു തോന്നുന്നില്ല. ഇത്തരത്തിൽ ഒരു പ്രമേയം നാം പാസ്സാക്കി അയയ്ക്കുകയാണെങ്കിൽ കേന്ദ്രഗവണ്മെൻറു് കൂടുതൽ ശ്രദ്ധിക്കുമെന്നും കൂടുതൽ പരിഗണന നമുക്കു് ലഭിക്കുമെന്നുമാണു് എൻെറ അഭിപ്രായം. അതുകൊണ്ടു് പ്രമേയം പാസ്സാക്കി അയയ്ക്കുന്നതിനു് സഭ അനുവദിക്കണമെന്നു് അപേക്ഷിക്കുന്നു.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: സർ, എൻെറ കക്ഷിഗതി പ്രമേയകർത്താവു് അംഗീകരിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എസ്സ്. പുരുഷോത്തമൻ : ഭേദഗതി സ്വീകരിക്കാൻ വിരോധമില്ല, സ്വീകരിക്കുന്നു.

ശ്രീ. ടി. കെ. ദിവാകരൻ : പ്രമേയം പാസ്സാക്കണമെങ്കിൽ എനിക്കു വിരോധമില്ല.

The amendment moved by Shri K. Moideenkutty Haji was put and carried.

The other amendments were, by leave, withdrawn.

The Resolution, as amended, was put and carried.

RESOLUTION 2

Interim Machinery to enquire into allegations of corruption

Mr. Speaker: I call upon Shri N.I. Devassikutty to move his resolution.

തൊഴിൽ മന്ത്രി (ശ്രീ. മത്തായി മാഞ്ഞൂരാൻ): Sir, I raise objection to the introduction of the Resolution standing in the name of Shri N. I. Devassykutty on very serious constitutional, procedural and legal grounds.

സർ, ഈ സഭാനടപടികൾക്കു അംഗീകാരം ലഭിക്കുന്നതു ഭരണഘടനയുടെ 208–ാംനിബന്ധനപ്രകാരമാണു്. ആ നിബന്ധന അനുസരിച്ചു് ഉണ്ടാക്കിയിട്ടുള്ള ഈ നിയമസഭയുടെ ചട്ടങ്ങളിൽനിന്നു മനസ്സിലാകുന്നതു് ഈ ഉള്ളടക്കത്തോടും ഈ രൂപത്തിലുമുള്ള ഒരു പ്രമേയം അവതരിപ്പിക്കാൻ പാടില്ലെന്നാണു്. ഇന്നുള്ള ചട്ടങ്ങൾക്കു അതീതമായി, ഭരണഘടനക്കു വിരുദ്ധമായിട്ടുള്ള ഒരു പ്രമേയമാണിതു്. ചട്ടങ്ങൾക്കു വിരുദ്ധമായിട്ടുള്ള ഈ പ്രമേയം അനുവദിക്കത്തക്കതല്ല. നമ്മുടെ ചട്ടങ്ങളിൽ 115–ാം വകുപ്പിൽ 'ഫാം ആഫ് റസല്യൂഷനെ'പ്പറ്റി പറയുന്നുണ്ടു്.

"115. Form of Resolution'. A resolution may be in the form of a declaration of opinion, or recommendation or may be in the form so as to record either approval or disapproval by the Assembly of an act or policy of Government, or convey a message or commend, urge or request an action; or call attention to a matter or situation for consideration by Government or in such other form as the Speaker may consider appropriate."

ഇതിൽ അഭിപ്രായം, ശുപാർശ എന്നെല്ലാം പറയുന്നതു് ഗവണ്മെൻറിന്റെ ഒരു എക്സിക്യൂട്ടീവു് ആക്ഷനെ സംബന്ധിച്ചോ അതല്ലെങ്കിൽ ഒരു ലജിസ്ലേഷൻ പാളിസിയെ സംബന്ധിച്ചോ ഉള്ള അഭിപ്രായമോ ശുപാർശയോ ആകാമെന്ന അർത്ഥത്തിലാണു്. എന്നാൽ ഈ പ്രമേയം തുടങ്ങുന്നതുതന്നെ ഈ സഭയുടെ മുൻപിലുള്ള ഒരു ബിൽ പാസ്സാക്കുന്ന കാര്യത്തെപ്പറ്റിയാണു്. പ്രമേയം ഞാൻ വായിക്കാം: "കേരള പബ്ലിക്കുമെൻ (എൻക്വയറീസ്) ബിൽ നിയമമാകുന്നതുവരെയുള്ള കാലത്തേയ്ക്കു് അഴിമതിയാരോപണങ്ങളെക്കുറിച്ചന്വേഷിക്കുവാൻ ഒരു ഇടക്കാലമെഷിനറി രൂപീകരിക്കണമെന്നും ഈ സഭ തീരുമാനിക്കുന്നു".

സർ, ഈ സഭയുടെ അധികാരം, ഭരണഘടനാനിലവാരം ഇതെല്ലാം പരിശോധിക്കേണ്ടതായിട്ടുണ്ടു്. ഒന്നാമതായി പറയാൻ ഞാൻ ആഗ്രഹിക്കുന്നതു്, പാർലമെൻറു 'കണ്ടൻറു് ആഫ് സ്പീച്ചു്' എന്തായിരിക്കണമെന്നു നിശ്ചയിച്ചിട്ടുള്ളതനുസരിച്ചു് ആ സമയത്തു് വിവാദത്തിനു വയ്ക്കാത്തതും സഭയുടെ മുൻപിലില്ലാത്തതുമായ ഒരു ബില്ലിനെക്കുറിച്ചു് പരാമർശിക്കാൻ പാടില്ലെന്നാണു്. അതിന്റെ പേരുപോലും പറയാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly